**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2163 — 18.03.2015-ലെ മറുപടിയ്ക്ക്

**പട്ടികജാതി വിഭാഗങ്ങൾക്കായി രജിസ്റ്റർ ചെയ്ത സഹകരണ സ്ഥാപനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.സത്യൻ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവരുടെ ക്ഷേമത്തിനായി രജിസ്റ്റർ ചെയ്തിട്ടുള്ള എത്ര സഹകരണ സ്ഥാപനങ്ങളാണുള്ളതെന്നു വ്യക്തമാക്കാമോ ; | (എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി 749 പട്ടികജാതി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംസ്ഥാന തലത്തിൽ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനും പ്രവർത്തിക്കുന്നുണ്ട്. |
| (ബി) ഇവയിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ എത്രയെന്നും നഷ്ടത്തിൽ പ്രവർത്തിക്കുന്നവ എത്രയെന്നും പൂട്ടിക്കിടക്കുന്നവ എത്രയെന്നും വിശദമാക്കാമോ ; | (ബി) ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ-5 എണ്ണം, നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ-394 എണ്ണം, പൂട്ടിക്കിടക്കുന്ന സംഘങ്ങൾ-350 എണ്ണം. |
| (സി) നഷ്ടത്തിൽ പ്രവർത്തിക്കുന്നവ ലാഭകരമാക്കാൻ നടപടിയുണ്ടോ എന്ന് വിശദമാക്കാമോ ? | (സി) സംഘങ്ങളുടെ പ്രവർത്തനത്തിനുള്ള സർക്കാർ ധനസഹായമായി രണ്ട് ലക്ഷം രൂപ ഓഹരി മൂലധനമായും, പുനരുദ്ധാരണ പദ്ധതി പ്രകാരം പരമാവധി ആറ് ലക്ഷം രൂപയും കെട്ടിട പുനരുദ്ധാരണത്തിനായി അഞ്ച് ലക്ഷം രൂപ വരെയും, സംഘം ജീവനക്കാരുടെ ശമ്പള ചെലവുകൾക്ക് 60,000/- രൂപ മാനേജീരിയൽ |

സബ്സിഡിയായും അനുവദിച്ചു വരുന്നുണ്ട്. കൂടാതെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് കമ്പ്യൂട്ടർ പരിജ്ഞാനം നൽകുന്നതിന് അംഗീകൃത കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ഒരു പുതിയ പദ്ധതിയും സംഘങ്ങൾ മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതികൾ പ്രകാരം 2011-12 വർഷത്തിൽ 33.32 ലക്ഷം രൂപയും, 2012-13 വർഷത്തിൽ 101.84 ലക്ഷം രൂപയും, 2013-14 വർഷത്തിൽ 400 ലക്ഷം രൂപയും 2014-15 വർഷത്തിൽ 600 ലക്ഷം രൂപയും ധനസഹായമായി അനുവദിച്ചു നൽകിയിട്ടുണ്ട്. സംഘങ്ങളിൽ സ്വയം സഹായ ഗ്രൂപ്പുകൾ രൂപീകരിച്ചും പ്രവർത്തനം വിപുലീകരിച്ചു വരുന്നുണ്ട്. ധനസഹായങ്ങളുടെ വിനിയോഗം വിലയിരുത്തുന്നതിന് ജില്ലാ തലത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ടി ധനസഹായങ്ങൾ ഉപയോഗപ്പെടുത്തി സംഘം പ്രവർത്തനം മെച്ചപ്പെടുത്തുന്നതോടൊപ്പം സംഘങ്ങളെ ലാഭകരമാക്കുന്നതിനും സാധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ